പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2543 27.01.2014 - ൽ മറുപടിക്ക്

**ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ നഴ്സ്-രോഗി അനുപാതം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ നഴ്സ്-രോഗി അനുപാതം, ആശുപത്രികളിൽ നഴ്സുമാർക്ക് ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ ശുപാർശകളിൽ ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) | എസ്. ബലരാമൻ കമ്മിറ്റിയുടെ ശുപാർശകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യവും ദേവസ്വവും മന്ത്രി കൺവീനറായും ധനകാര്യ-നിയമ-ഭവന നിർമ്മാണ വകുപ്പുമന്ത്രി, വ്യവസായ വിവര സാങ്കേതിക വകുപ്പുമന്ത്രി, തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി എന്നിവർ അംഗങ്ങളുമായുള്ള ഒരു ഉപസമിതിയെ ചുമതലപ്പെടുത്തി ———— യിട്ടുണ്ട്. ഉപസമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| ബി) | ആശുപത്രികളിലെ നഴ്സുമാരുടെ ഒഴിവുകളിൽ 20 ശതമാനം പുരുഷ നഴ്സുമാരെ നിയമിക്കണമെന്ന ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ നിർദ്ദേശം നടപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ നഴ്സുമാരെ നിയമിക്കുന്നത് കെ.പി. എസ്. സി. വഴിയാണ്. റാങ്ക് ലിസ്റ്റ് പ്രകാരം പുരുഷ സ്ത്രീ നഴ്സ്മാരെ അവരുടെ ടേൺ അനുസരിച്ച് നിയമിച്ചു വരുന്നു. ജനറൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നൽകുമ്പോൾ വർഷം തോറും 20% സീറ്റുകൾ ആൺകുട്ടി കൾക്കായി മാറ്റി വയ്ക്കാറുണ്ട്. |
| സി) | ബലരാമൻ കമ്മറ്റി റിപ്പോർട്ടിന്മേൽ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് നടപടി എടുക്കാൻ ചുമതലപ്പെടുത്തിയ മന്ത്രിസഭാ ഉപസമിതി ഇതിനായി യോഗം ചേർന്നിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | സി) | മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ